LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡ് പുതുക്കൽ

198(1265) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ അനിശ്ചിതമായി നീണ്ടു പോകുന്നതു കാരണം താലൂക്ക് സപ്ലൈ ആഫീസുകളിൽ നിന്നും നിലവിലുള്ള കാർഡുകളിൽ പേരു ചേർക്കുന്നതിനും, പുതിയ വീട്ടുമസ്ഥർക്ക് കാർഡ് അനുവദിച്ചു കിട്ടുന്നതിനും സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനിശ്ചിതമായി നിണ്ടുപോകുന്നില്ല. പുതിയ കാർഡുകൾ കൃത്യതയോടെ ഗുണഭോക്താവിന് ലഭ്യമാക്കാനുള്ള സമയം മാത്രമാണ് എടുക്കുന്നത്.

(ബി) പുതിയ കാർഡ് വേണ്ടവർക്കും/പുതിയ വീട്ടുമസ്ഥർക്കും ആവശ്യമായ ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകാൻ താലൂക്ക്/സിറ്റി റേഷനിംഗ് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ ഗുണഭോക്താവിന് റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യവും ലഭിക്കും. പുതിയ കാർഡ് ലഭിക്കുന്നതുവരെ ഇപ്പോഴുള്ള കാർഡ് ഉപയോഗിക്കാം. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ

199(1266) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ എല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; എ.പി.എൽ., ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങൾക്ക് എന്തെല്ലാം സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നുണ്ട് ;

(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവൽരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടോ ; സംസ്ഥാന വിഹിതം അനുവദിച്ചിട്ടുണ്ടോ ; എപ്പോൾ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കും ;

(സി) നിലവിൽ ആനുകൂല്യങ്ങൾ ലഭിച്ചിരുന്ന ബി.പി.എൽ. കാർഡുകൾക്കു പകരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ടോ ; ഇത്തരം കാർഡുകൾ ഏർപ്പെടുത്തുന്നത് ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പരിമിതി പ്പെടുത്താനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?